"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - ആര്യനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 593 ന് അനുവദിച്ച എൻ സി ഡി സി ധനസഹായം ഡി സാങ്ഷൻ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.185/2026/Co-Op തീയതി,തിരുവനന്തപുരം, 23-03-2026

---

പരാമർശം:-
1. 10/05/2018 ലെ എൻ സി ഡി സി ;22-3/2017-C,IC&SC/34/SA80024 നം കത്ത്
2. സ.ഉ. (സാധാ) നം.579/2019/സഹ തീയതി 27/09/2019
3. 09/05/2024 ലെ എൻ.സി.ഡി.സി 34-1/2017(റ്റി.വി.എം) നം.കത്ത്
4. സഹകരണ സംഘം രജിസ്ട്രാറുടെ 09/02/2025 ലെ പി&എം എ (3) 11053/2025 നം. കത്ത്

**ഉത്തരവ്**

ആര്യനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 593 ന് പറണ്ടോട് ശാഖ നിർമ്മാണത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള എൻ.സി.ഡി.സി. ധനസഹായമായി 108.00 ലക്ഷം രൂപ (ഓഹരി - 48.00 ലക്ഷം രൂപ, വായ്പ - 60.00 ലക്ഷം രൂപ) അനുവദിക്കുന്നതിന് പരാമർശം (1) കത്ത് പ്രകാരം എൻ.സി.ഡി.സിയുടെ അനുമതി ലഭിച്ചിരുന്നു. ടി ധനസഹായത്തിന്റെ ഒന്നാം ഗഡുവായി 39.00ലക്ഷം രൂപ (ഓഹരി - 24.00 ലക്ഷം രൂപ, വായ്പ - 15.00 ലക്ഷം രൂപ) അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ തുക റിലീസ് ചെയ്ത് നൽകിയിരുന്നില്ല.

2) കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം ടി സംഘത്തിൽ നടത്തിയിട്ടുള്ള പരിശോധനയിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നതായും സംഘത്തിന്റെ ഭരണസമിതിയെ കേരള സഹകരണ നിയമം വകുപ്പ് 32 പ്രകാരം നീക്കം ചെയ്തിട്ടുള്ളതുമാണെന്നും ബാങ്കിന്റെ ആഡിറ്റ് സമകാലീനമല്ലാത്തതിനാൽ തിരിച്ചടവ് സംബന്ധിച്ച നിജസ്ഥിതി റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുന്നില്ലെന്നും, ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ സംഘത്തിന്റെ അഴിമതിരഹിത കുടിശ്ശികരഹിതസാക്ഷ്യപത്രം സമർപ്പിക്കുവാൻ നിർവ്വാഹമില്ല എന്നും, ബാങ്കുമായി ബന്ധപ്പെട്ട ക്രമക്കേടുകളിൽ സഹകരണനിയമം, വകപ്പ് 68(2) പ്രകാരം സർചാർജ്ജ്

ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണെന്ന് സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ അനുമതി ലഭിച്ചിരുന്ന എൻ.സി.ഡി.സി. ധനസഹായം ഡീ- സാങ്ഷൻ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആര്യനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 593 ന് പറണ്ടോട് ശാഖ നിർമ്മാണത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള എൻ.സി.ഡി.സി. ധനസഹായമായി പരാമർശം (1) പ്രകാരം അനുവദിച്ച 108.00 ലക്ഷം രൂപ (ഓഹരി - 48.00 ലക്ഷം രൂപ, വായ്പ - 60.00 ലക്ഷം രൂപ) ഡി-സാങ്ഷൻ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,
തിരുവനന്തപുരം.
ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/194/2018/ധന )
വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ (ബി3/23/2026/സഹ)

ഉത്തരവിൻ പ്രകാരം
Signed by
Priyanka T V
Date: 23-03-2026 16:44:25
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.